# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3389** **14.03.2017-ൽ മറുപടിക്ക്**

## പി.ആർ.ഡി പരസ്യങ്ങൾ

| **ചോദ്യം**<br>**ശ്രീ. പി.സി. ജോർജ്** | | **മറുപടി**<br>**ശ്രീ. പിണറായി വിജയൻ**<br>**(ബഹു. മുഖ്യമന്ത്രി)** |
|---|---|---|
| എ) പി.ആർ.ഡി പരസ്യങ്ങൾ ഒരു സ്വകാര്യ ഏജൻസിയ്ക്ക് മാത്രം നൽകിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;<br><br>ബി) ഈ സ്വകാര്യ ഏജൻസിയുടെ പേരും അഡ്രസ്സും വെളിപ്പെടുത്തുമോ; | (എ) & (ബി) | ഐ&പി.ആർ.ഡി പരസ്യങ്ങൾ ഏതെങ്കിലും ഒരു സ്വകാര്യ ഏജൻസിക്ക് മാത്രമായി നൽകുന്ന പതിവില്ല. വകുപ്പിൽ തന്നെ പരസ്യങ്ങൾ ഡിസൈൻ ചെയ്ത് പ്രസിദ്ധീകരണത്തിന് നൽകുന്നതാണ് പതിവ്. പ്രത്യേക സാഹചര്യങ്ങളിൽ പരസ്യം ഡിസൈൻ ചെയ്യാൻ ഡിസൈനർ മാരുടെയും, സ്വകാര്യ ഏജൻസികളുടെയും സേവനം തേടാറുണ്ട്. ഈ സാമ്പത്തിക വർഷം മൈത്രി അഡ്വർടൈസിംഗ് വർക്സ് പ്രൈവറ്റ് ലിമിറ്റഡ്, ഗിരിനഗർ, കടവന്ത്ര, കൊച്ചി എന്ന സ്ഥാപനത്തിന് പരസ്യം ഡിസൈൻ ചെയ്യാൻ താല്പര്യപത്രം ക്ഷണിച്ച് വർക്ക് നൽകിയിട്ടുണ്ട് |
| സി) എന്ന് മുതലാണ് ഈ കമ്പനിയ്ക്ക് മാത്രമായി പരസ്യങ്ങൾ കൊടുത്തു വന്നത്: തീയതി സഹിതം വെളിപ്പെടുത്തുമോ; അന്നു മുതൽ ഇന്നുവരെ എത്ര കോടി രൂപയുടെ പി.ആർ.ഡി പരസ്യം ഈ സ്വകാര്യ ഏജൻസി ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ; | സി) | ഈ സാമ്പത്തിക വർഷം 24.05.2016 നാണ് ടി സ്ഥാപനത്തിന് ആദ്യമായി വർക്ക് നൽകിയത്. കോസ്റ്റ് കമ്മിറ്റി യോഗം ചേർന്ന് ഡിസൈനിന്റെയും, നിർമ്മാണത്തിന്റെയും ഗുണനിലവാരം പരിശോധിച്ച് മാത്രമാണ് തുക നിശ്ചയിച്ച് അനുവദിക്കുന്നത്.<br><br>ഈ സാമ്പത്തിക വർഷം നാളിതുവരെ 3,92,265/- (മൂന്ന് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി ഇരുന്നൂറ്റി അറുപത്തി അഞ്ച് രൂപ മാത്രം) ടി ഏജൻസിക്ക് നൽകിയിട്ടുണ്ട് |

| | |
|---|---|
| ഡി) ഇതിനെതിരെ വിജിലൻസ് അന്വേഷണം ഉണ്ടായോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | ഡി) മൈത്രി അഡ്വർടൈസിംഗ് ഏജൻസിക്ക് പരസ്യം നൽകിയതിന്റെ വിശദാംശങ്ങൾ വിജിലൻസ് വിഭാഗം ആവശ്യപ്പെട്ടിരുന്നു. ആവശ്യപ്പെട്ട വിശദാംശങ്ങൾ ഇതിനോടകം നൽകിയിട്ടുണ്ട്. പരസ്യം ഡിസൈൻ ചെയ്യുന്നതിനും വീഡിയോ പരസ്യം തയ്യാറാക്കുന്നതിനും മൈത്രി അഡ്വർടൈസിംഗ് ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും, നാളിതുവരെ 13 ഡിസൈൻ വർക്കുകൾ ടി സ്ഥാപനത്തിന് നൽകിയിട്ടുണ്ടെന്നും, ഇതിനകം 3,92,265/- രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ടെന്നും പരസ്യമേഖലയിൽ ടി സ്ഥാപനത്തിന് മുൻപരിചയമുണ്ടെന്നും, പരസ്യം നൽകാൻ സ്വകാര്യ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടില്ലാ എന്നും പി.ആർ.ഡി മുഖാന്തിരം തന്നെയാണ് പരസ്യങ്ങൾ റിലീസ് ചെയ്യാറ് എന്നുമുള്ള മറുപടി വിജിലൻസിന് നൽകിയിട്ടുണ്ട്. |
| ഇ) പി.ആർ.ഡി. യ്ക്ക് സ്വന്തമായി ഫോട്ടോഗ്രാഫറും ഗ്രാഫിക് ഡിസൈനറും മറ്റും ഉള്ളപ്പോൾ ഇങ്ങനെ സ്വകാര്യ ഏജൻസിയെ പരസ്യത്തിന് ഉപയോഗിക്കുന്നത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;<br>എഫ്) നിയമം ലംഘിച്ചാണ് ഈ ഇടപാടുകൾ നടത്തിയതെങ്കിൽ കുറ്റക്കാർക്കെതിരെ നിയമ നടപടി സ്വീകരിക്കുമോ? | ഇ) & എഫ്) ക്യാമ്പയിനുകളുടെ ഭാഗമായി പ്രത്യേക സാഹചര്യങ്ങളിൽ വകുപ്പ് സ്വകാര്യ ഏജൻസികൾക്ക് ഡിസൈൻ വർക്ക് നൽകാറുണ്ട്. ഇതിൽ നിയമ ലംഘനം നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ